LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 1970-ൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തത് കാരണം മുടങ്ങിക്കിടക്കുന്നു.

1957-ൽ പ്രാരംഭ നടപടികൾ തുടങ്ങിയ വാമനപുരം ജലസേചന പദ്ധതി വിവിധ കാരണങ്ങളാൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. പൂർത്തിയാകാത്ത മറ്റ് പല പദ്ധതികളും ഉണ്ട്.

(സി) സമയബന്ധിതമായി ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അരുർ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവർത്തികൾ

156 (848) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കുട്ടനാട് പാക്കേജിലല്ലാതെ മേജർ ഇറിഗേഷൻ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; വകയിരുത്തിയ തുക എത്ര വീതം ; മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പ്രവർത്തികൾ ഏതെല്ലാം ; എത്ര തുക വീതം ; കായൽ ബണ്ട് സംരക്ഷണാർത്ഥം 2014-15 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പ്രവർത്തികൾ ഏതെല്ലാം ; എത്ര തുകവീതം ; കായൽ ബണ്ട് സംരക്ഷണാർത്ഥം 2014-15 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കുട്ടനാട് പാക്കേജിലല്ലാതെ മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തികളും അവയുടെ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

2014-15 വർഷത്തിൽ കായൽ ബണ്ട് സംരക്ഷണാർത്ഥം യാതൊരു പ്രവർത്തിയും ഏറ്റെടുത്തിട്ടില്ല.